പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 556      5/07/2013 ൽ മറുപടിയ്ക്ക്

## സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷാ പരിശോധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ചന്ദ്രൻ :<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ. കെ.കെ. ജയചന്ദ്രൻ :<br>ശ്രീ. ആർ. രാജേഷ് : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഈ അദ്ധ്യയന വർഷം ആരംഭിച്ച ശേഷം സംസ്ഥാനത്ത് സ്കൂൾ കെട്ടിടം തകർന്ന് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിക്ക് പറ്റിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ; | (എ) മലപ്പുറം റവന്യൂജില്ലയിൽ തിരൂർ വിദ്യാഭ്യാസ ജില്ലയിലെ പരപ്പനങ്ങാടി ഉപജില്ലയിൽപ്പെട്ട ചേലപ്പാടം എ.എം.എം.എ.എം.യു.പി. സ്കൂൾ കെട്ടിടം 17.06.2013 ന് തകർന്ന് വീണ് 36 കുട്ടികൾക്ക് പരിക്ക് പറ്റിയിരുന്നു. കുട്ടികളെ ഉടൻതന്നെ നാട്ടുകാരും രക്ഷിതാക്കളും അദ്ധ്യാപകരും ചേർന്ന് തൊട്ടടുത്തുള്ള ആശുപത്രിയിലും കോഴിക്കോട് മെഡിക്കൽ കോളേജിലുമായി പ്രവേശിപ്പിച്ച്, പ്രാഥമിക ചികിത്സനൽകി വിട്ടിട്ടുണ്ട്. ആരുടെയും പരിക്ക് ഗുരുതരമല്ല. |
| ബി) അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് സ്കൂൾ കെട്ടിടങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന നടപടി പൂർത്തിയായിട്ടുണ്ടോ ; | (ബി) സ്കൂൾ കെട്ടിടങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് എല്ലാ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും അറിയിപ്പ് നൽകിയിട്ടുണ്ടായിരുന്നു. അതാത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് സ്കൂൾ കെട്ടിടങ്ങൾക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത്. അടിയന്തിരമായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കി സമർപ്പിക്കുവാൻ സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) തകർന്നുവീണ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നോ ; | (സി) മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ഉപജില്ലയിൽ തകർന്നുവീണ കെട്ടിടത്തിന് 2013-14 ൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നില്ല. |
| ഡി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ അദ്ധ്യയനം നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും ദുർബ്ബലമായ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ? | (ഡി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ ക്ലാസ്സ് നടക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കാനും ദുർബ്ബലമായ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി ഉടൻ പൂർത്തിയാക്കിയെന്ന് ഉറപ്പുവരുത്താനും എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ